ഉത്തരം

(എ) ഈ കാലയളവിൽ നാവായിക്കുളം പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ രണ്ടു റോഡുകൾ നിർമ്മിച്ചു.

(ബി) 1. കിഴക്കൻ ഏലാ-പുന്നോട് റോഡ്

2. മാവിൻമൂട്-2850 മൈൽ എൻ. എച്ച്. 47 റോഡ്.

(സി) മൊത്തം 5,30,501 രൂ. ചെലവഴിച്ചു.

മടവൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

880. [1095] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട മടവൂർ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കു വേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ മടവൂർ പഞ്ചായത്തിൽ ഒരു റോഡു നിർമ്മിച്ചിട്ടുണ്ട്.

(ബി) മാടവിള വില്ലേജ് ആഫീസ് റോഡ്.

(സി) ഈ റോഡിനുവേണ്ടി മൊത്തം 2,35,166 രൂപ ചെലവഴിച്ചു.

മുദാക്കൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

881. [1096] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ചിറയിൻകീഴ് ബ്ലോക്ക് അതിർത്തിയിൽപ്പെട്ട മുദാക്കൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ മുദാക്കൽ പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ രണ്ട് റോഡുകൾ പണിതിട്ടുണ്ട്. (അവയിൽ ഒന്ന് പണി പൂർത്തിയായി.)

(ബി) 1. വെള്ളക്കാട്-കുറിയോട് റോഡ് (പണിപൂർത്തിയായി)

2. പെമ്പൂർ എൽ. പി. എസ്. റോഡ് (പണിപൂർത്തിയായിട്ടില്ല).

(സി) മൊത്തം 1,08,189 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly